## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.58 — 11/06/2013 ൽ മറുപടിയ്ക്ക്

### ധാതുക്കളുടെ കള്ളക്കടത്തും ദുരുപയോഗവും തടയുന്നത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ജോസഫ് വാഴക്കൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ധാതുക്കളുടെ കള്ളക്കടത്തും ദുരുപയോഗവും തടയുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ ) (ബി), (സി) & (ഡി) | സംസ്ഥാനത്ത് ധാതുക്കളുടെ കള്ളക്കടത്തും ഖനനവും, ദുരുപയോഗവും തടയുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ദക്ഷിണ മേഖല, മദ്ധ്യമേഖല, ഉത്തരമേഖല എന്നിങ്ങനെ മൂന്ന് മിനറൽ സ്ക്വാഡു കളും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ അനധികൃത സിലിക്കാ മണൽ കടത്തു തടയുന്നതിന് ചേർത്തലയിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. തീര ദേശത്തെ അനധികൃത കരിമണൽ കടത്തു തടയുന്നതിനായി കൊല്ലം, ആലപ്പുഴ ജില്ലകൾ കേന്ദ്രീകരിച്ച് പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിൽ ടാസ്ക് ഫോഴ്സുകളെ രൂപീകരിയ്ക്കാനുദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ടാസ്ക് ഫോഴ്സിന്റെ പ്രവർത്തന ങ്ങൾ എന്തൊക്കെയാണ്; | | |
| (ഡി) | ഏതെല്ലാം ഏജൻസികളും വകുപ്പുമായി ചേർന്നാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശ ദ ാംശങ്ങൾ നൽ കു മോ? | | |

സെക്ഷൻ ഓഫീസർ